# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2447      01.04.2013 - ൽ മറുപടിക്ക്

## നബാർഡിന്റെ സഹായത്തോടെ സ്ഥാപിക്കുന്ന പമ്പുസെറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാലപ്പഴക്കം ചെന്നതും കാര്യക്ഷമമല്ലാത്തതുമായ പമ്പു സെറ്റുകൾക്കു പകരം പുതിയ പമ്പു സെറ്റുകൾ സ്ഥാപിക്കുന്നതിന് നബാർഡിന്റെ ധനസഹായം ലഭിച്ചിട്ടുള്ളതും 8/4/2011-ൽ ജല അതോറിറ്റി ഭരണാനുമതി നൽകിയിട്ടുള്ളതുമായ അങ്കമാലി നിയോജകമണ്ഡല ത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) കാലപ്പഴക്കം ചെന്നതും കാര്യക്ഷമമല്ലാത്തതുമായ പമ്പു സെറ്റുകൾക്കു പകരം പുതിയ പമ്പു സെറ്റുകൾ സ്ഥാപിക്കുന്നതിന് നബാർഡിന്റെ ധനസഹായം ലഭിച്ചിട്ടുള്ളതും 8/4/2011-ൽ ജല അതോറിറ്റി ഭരണാനുമതി നൽകിയിട്ടുള്ളതുമായ അങ്കമാലി നിയോജകമണ്ഡല ത്തിലെ പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.<br>1. 100 HP VT പമ്പ്സെറ്റ് ഒരെണ്ണം വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി (കാലടി പമ്പ് ഹൗസ്)<br>2. ചീത്തപ്പാറ പമ്പ് ഹൗസിൽ 17.5 HP VT പമ്പ്സെറ്റ് ഒരെണ്ണം വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി<br>3. താബോർ പമ്പ് ഹൗസിൽ 30 HP VT പമ്പ്സെറ്റ് ഒരെണ്ണം വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി<br>4. അയ്യംപുഴ സ്കീമിനു വേണ്ടി നീലീശ്വരം പമ്പ്ഹൗസിൽ 37.5 HP VT പമ്പ്സെറ്റ് ഒരെണ്ണം വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി<br>5. മഞ്ഞപ്ര സ്കീമിനു വേണ്ടി നീലീശ്വരം പമ്പ് ഹൗസിൽ 24 lps ഡിസ്ചാർജ്ജും 75 മീറ്റർ ഹെഡും ഉള്ള ഒരു പമ്പ്സെറ്റ് ഒരെണ്ണം വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി |

(ബി) പ്രസ്തുത പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കാൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞവയിൽ നാലാമത്തെ പ്രവൃത്തിക്ക് ടെണ്ടർ അനുമതി സർക്കിൾ ഓഫീസിൽ നിന്നും നല്കിയിട്ടുണ്ട്. രണ്ടാമത്തെ പ്രവൃത്തിക്ക് ആദ്യം ടെണ്ടർ ക്ഷണിച്ചതിന് കരാറുകാർ ആരും വർക്ക് എടുക്കാത്തതിനാൽ വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഒന്നാമത്തെ പ്രവൃത്തിക്ക് ചീഫ് എഞ്ചിനീയർ ഓഫീസിൽ നിന്നും ടെണ്ടർ അംഗീകാരം നല്കിയിട്ടുണ്ട്. മൂന്നാമത്തെ പ്രവൃത്തി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്. അഞ്ചാമത്തെ പ്രവൃത്തിയുടെ ടെണ്ടർ കേരള വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ പരിശോധിച്ചു വരുന്നു.

(സി) അതിരൂക്ഷമാകുന്ന വരൾച്ച കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

(സി) പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ